A

712

# സമഗ്രശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണ്ണയം 2023-2024
## മലയാളം
## അടിസ്ഥാനപാഠാവലി

ക്ലാസ് : 7 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാല് എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

### പ്രവർത്തനം 1 : വായിക്കാം എഴുതാം

മഴ വീഴുമ്പോൾ വെള്ളത്തുള്ളികളുടെ കിലുക്കം അവനിലേക്കും പടരും. സൂര്യൻ പടിഞ്ഞാറേക്കു ചായുമ്പോൾ മേൽക്കുപ്പായം ഊരിക്കളഞ്ഞ് അവൻ ടെറസ്സിലൂടെ ഉലാത്തുന്നതു കണ്ടാൽ ആകാശത്തിൽ നിന്നു വിലപ്പെട്ടതെന്തൊക്കെയോ തന്നിലേക്കു വലിച്ചെടുക്കുകയാണെന്നു തോന്നും. വേനലിൽ മാവായമാവെല്ലാം പൂങ്കുലകൾകൊണ്ടു മൂടുമ്പോൾ വേർതിരിച്ചെടുക്കാനാകാത്ത ഒരു ഉന്മാദം അവനെ കീഴടക്കും. വസന്തത്തിൽ ചിന്തകളും ഭാവനകളും ആൽമരത്തിന്റെ ചില്ലകൾ പോലെ പടർന്നു പന്തലിക്കുമ്പോൾ തന്നിലേക്കുതന്നെ ഒതുങ്ങിക്കൂടാനാണ് ബോലായ്ക്ക് ഇഷ്ടം. ഇക്കാലമത്രയും കേട്ടിട്ടുള്ള കഥകളെല്ലാം തുന്നിക്കൂട്ടി സ്വന്തമായി വിചിത്രമായൊന്നു നിർമ്മിച്ച് അവൻ അവനെത്തന്നെ പറഞ്ഞു കേൾപ്പിക്കും. തുറിച്ചുനിൽക്കുന്ന വലിയ ഉണ്ടക്കണ്ണുകളുള്ള ആ ബാലന് അതിൽക്കൂടുതലൊന്നും സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് അവൻ കൂടുതൽ നേരവും എന്തെങ്കിലുമൊക്കെ ചിന്തിച്ചുകൊണ്ടിരുന്നു.

രബീന്ദ്രനാഥടാഗോർ - ബോലായ്

1. 'സൂര്യൻ പടിഞ്ഞാറേക്കു ചായുമ്പോൾ' എന്നതു കൊണ്ട് എന്താണ് അർഥമാക്കുന്നത്?
   (സൂര്യാസ്തമയം, സൂര്യോദയം, മധ്യാഹ്നം)
2. വസന്തത്തിൽ, ആൽമരത്തിന്റെ ചില്ലകൾപോലെ പടർന്നുപന്തലിക്കുന്നതെന്ത്?
   (മേൽക്കുപ്പായം, ചിന്തകളും ഭാവനകളും, കഥകൾ)
3. കുട്ടി കഥകൾ കേൾപ്പിച്ചത് ആരെയാണ്?
   (മഴയെ, ആകാശത്തെ, അവനെത്തന്നെ)
4. വേനലിൽ മാവായമാവെല്ലാം മൂടുന്നത്?
   (വെള്ളത്തുള്ളികൾ കൊണ്ട്, ചില്ലകൾ കൊണ്ട്, പൂങ്കുലകൾ കൊണ്ട്)
5. 'മഴ വീഴുമ്പോൾ വെള്ളത്തുള്ളികളുടെ കിലുക്കം അവനിലേക്കും പടരും' എന്നതു കൊണ്ട് അർഥമാക്കുന്നതെന്ത്?
   (മഴയെ ആസ്വദിക്കുന്നു, മഴ നനയേണ്ടി വരുന്നു, മഴയോടു ദേഷ്യം തോന്നുന്നു)

## പ്രവർത്തനം 2 (എ) : വിലയിരുത്തൽ കുറിപ്പ്

പ്രളയജലത്തിൽ മുക്കാലും മുങ്ങിക്കിടക്കുന്ന വീടിന്റെ മുകളിലത്തെ
നിലയിലേക്കു കള്ളൻ ഏറെ പ്രതീക്ഷയോടെയാണ് കടന്നുചെന്നത്.
'ആരാ', കട്ടിലിൽ അവശയായിക്കിടന്നിരുന്ന വൃദ്ധ കാൽപ്പെരുമാറ്റം കേട്ടു ചോദിച്ചു.
കള്ളൻ എന്തു പറയണമെന്നറിയാതെ നിന്നു പരുങ്ങി.
വൃദ്ധയുടെ കാഴ്ചമങ്ങിയ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കം അയാൾ കണ്ടു.
വൃദ്ധയെ താങ്ങിയെടുത്ത് അയാൾ പുറത്തേക്കിറങ്ങി.
വൃദ്ധയേയും ചുമന്ന് വീട്ടിലെത്തിയ കള്ളനെ കണ്ടു ഭാര്യ ആശ്ചര്യപ്പെട്ടു.
അയാൾ പറഞ്ഞു:
'ആദ്യം ഈ മുത്തശ്ശിക്ക് അല്പം കഞ്ഞികൊടുക്ക്.
പാവം, ഭക്ഷണം കഴിച്ചിട്ടു ദിവസങ്ങളായി.'

കെ.കെ.പല്ലശ്ശന

കഥയിലെ കള്ളന്റെ പ്രവൃത്തി വിലയിരുത്തി എഴുതുക.

**ബി.** അർഥവ്യക്തതയോടെ മാറ്റിയെഴുതുക.

| | |
|---|---|
| മനുഷ്യവർഗം | – മനുഷ്യരുടെ വർഗം |
| വഴിയോരക്കാഴ്ചകൾ | – ............................ |

## പ്രവർത്തനം 3 : പോസ്റ്റർ

"എന്റെ എഴുത്തുകൾ വായിച്ച്
ഏറ്റവും കൂടുതൽ
ചിരിച്ചത് ഞാനായിരിക്കും.
കരഞ്ഞതും ഞാനായിരിക്കും;
കാരണം അതൊക്കെ
എന്റെ അനുഭവങ്ങളായിരുന്നു!"



വൈക്കം മുഹമ്മദ് ബഷീർ

ജനുവരി 21. കഥകളുടെ **സുൽത്താൻ**
വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മദിനമാണെന്നറിയാമല്ലോ.

ആ ദിവസം സ്കൂളിൽ പ്രദർശിപ്പിക്കുന്നതിനായി 'ബഷീർ ജന്മദിനാഘോഷ'ത്തിന്റെ പോസ്റ്റർ തയ്യാറാക്കുക.

## പ്രവർത്തനം 4 : അനുഭവക്കുറിപ്പ്

ചെറുകഥാകൃത്ത് വി.ആർ.സുധീഷ് 'കരുണ' സിനിമ കാണാൻ പോയ അനുഭവം വായിച്ചു നോക്കുക.

*'കരുണ' കണ്ടത് നല്ല ഓർമ്മയുണ്ട്. കാണാൻ ഞാൻ വാശിപിടിച്ചു കരഞ്ഞിരുന്നു.*

ആ കഥ ചുറ്റിലുമെവിടെയോ നിന്ന് ഞാൻ നേരത്തെ കേട്ടിരുന്നു. കൊയിലാണ്ടിയിൽ
നിന്നും നടന്നാണ് അച്ഛന്റെ കൂടെ *പന്തലായനിവരെ പോയി 'കരുണ' കണ്ടത്.
പന്തലായനിയിൽ അന്നൊരു ഓലമേഞ്ഞ ടാക്കീസുണ്ടായിരുന്നു.

ഇന്നില്ല. പണ്ട് ധാരാളമായി സിനിമ കണ്ട കൊട്ടകകൾ ഇല്ലാതെയായ ഇടങ്ങളിൽ

*ഇന്ന് ചെന്നെത്തുമ്പോൾ പഴയ ചില ചലച്ചിത്രങ്ങൾ തെളിഞ്ഞുമറയുന്നു.*

*പന്തലായനി – ഒരു സ്ഥലപ്പേര്

സിനിമ കാണാൻ പോയ ചില അനുഭവങ്ങൾ നിങ്ങൾക്കുമില്ലേ. അവ ഉൾപ്പെടുത്തി കുറിപ്പു തയ്യാറാക്കുക.

**പ്രവർത്തനം 5 (എ) : ശീർഷകം നൽകി, ഔചിത്യം വിശദമാക്കുക.**

കഥ എഴുതാൻ അറിയാത്ത ഞാൻ കഥാമത്സരത്തിനു പേരു നൽകി. വിഷയം കിട്ടി – 'സത്യം'. അടുത്തിരുന്ന ഗോവിന്ദ് എഴുതിയ കഥ അതേപടി പകർത്തിവച്ചു, കഥയുടെ പേരുപോലും. എന്നിട്ട് ആദ്യം തന്നെ ടീച്ചർക്കു കൊണ്ടുകൊടുത്തു. കഥ നന്നായിട്ടുണ്ടെന്ന് ടീച്ചർ പറഞ്ഞു. കഥ ക്ലാസ്സിൽ വായിച്ചു കേൾപ്പിച്ചു. എല്ലാവരും കൈയടിച്ചു; ഒരു കള്ളച്ചിരിയോടെ ഗോവിന്ദും കൈയടിച്ചു.

കഥയ്ക്ക് ഉചിതമായ ശീർഷകം നൽകി, ഔചിത്യം വിശദമാക്കുക.

**ബി.** സി.വി.ബാലകൃഷ്ണന്റെ 'പരൽമീൻ നീന്തുന്ന പാടം' എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിലുള്ളതാണ്?

(ആത്മകഥ, നോവൽ, ചെറുകഥ)

**പ്രവർത്തനം 6 (എ) : താരതമ്യക്കുറിപ്പ്**

***മരങ്ങൾ***

"മണ്ണ് വിണ്ണിലെഴുതുന്ന കവിതകളാണു മരങ്ങൾ.
നമ്മളവയെ മുറിച്ചു വീഴ്ത്തി കടലാസാക്കുന്നു;
നമ്മുടെ പൊള്ളത്തരങ്ങൾ രേഖപ്പെടുത്താൻ."

ഖലീൽ ജിബ്രാൻ

"പീച്ച് പുഷ്പങ്ങൾ വാങ്ങാം. പക്ഷേ നിറയെ പുഷ്പിച്ചു നിൽക്കുന്ന പൂന്തോട്ടത്തെ എവിടെ നിന്ന് വാങ്ങാനാവും?"

'പീച്ച് പൂന്തോട്ടം' എന്ന പാഠഭാഗത്തിലെ ആശയങ്ങളെയും ഖലീൽ ജിബ്രാന്റെ വരികളെയും താരതമ്യം ചെയ്തു കുറിപ്പു തയ്യാറാക്കുക.

**ബി.** പീച്ച് പൂന്തോട്ടം എന്ന തിരക്കഥയിൽ " അവൻ നല്ലകുട്ടിയാണ്. പുഷ്പിച്ചു നിൽക്കുന്ന ഈ പൂന്തോട്ടത്തെ ഒരിക്കൽക്കൂടി കാണാൻ അവനെ അനുവദിക്കുകയല്ലേ?" എന്നു പറയുന്നതാര്?

(പരിചാരകൻ, പാവരാജാവ്, പാവരാജ്ഞി)